REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 02-06-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **സംസ്ഥാന സ്കൂൾ പ്രവേശനോത്സം മുഖ്യമന്ത്രി പിണറായി വിജയൻ ആലപ്പുഴയിൽ ഉദ്ഘാടനം ചെയ്തു.**
- **വിദ്യാഭ്യാസത്തിലൂടെ വിവേകം, വിവേചന ബുദ്ധി, വിമർശനാത്മക സമീപനം എന്നിവ പകർന്നു നൽകാനാവണമെന്ന് മുഖ്യമന്ത്രി.**
- **നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിന് നാമ നിർദ്ദേശ പത്രികാ സമർപ്പണം ഇന്നവസാനിക്കും.**
- **രാജ്യത്തെ കോവിഡ് രോഗികളുടെ എണ്ണം 3,960 ലധികമായതായി കേന്ദ്ര ആരോഗ്യ മന്ത്രാലയം.**
- **IPL ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സ് ഫൈനലിലെത്തി. ഫൈനലിൽ, അവർ റോയൽ ചലഞ്ചേഴ്സ് ബംഗലൂരുവിനെ നേരിടും.**

## വാർത്തകൾ വിശദമായി

വിദ്യാഭ്യാസത്തിലൂടെ അറിവ് മാത്രമല്ല, വിവേകം, വിവേചന ബുദ്ധി, വിമർശനാത്മക സമീപനം എന്നിവയും പകർന്നു നൽകാനാവണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ആലപ്പുഴ കലവൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ സംസ്ഥാനതല സ്കൂൾ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നേട്ടങ്ങൾ സംബന്ധിച്ച പുസ്തകം ചടങ്ങിൽ അദ്ദേഹം പ്രകാശനം ചെയ്തു.

(CM - വോയ്സ് ..... )

✪✪✪

ആലപ്പുഴയിൽ  മന്ത്രി V ശിവൻകുട്ടി ഒന്നാം ക്ലാസിലെ കുട്ടികളെ സ്വാഗതം ചെയ്തു. പ്രവേശനോത്സവ ഗാനത്തിന്റെ നൃത്താവിഷ്കാരം വേദിയിൽ നടത്തി. കൊട്ടാരക്കര താമരക്കുടി SVVHSS ലെ വിദ്യാർത്ഥിനി ഭദ്ര ഹരി എഴുതി, പ്രശസ്ത സംഗീത സംവിധായകൻ അൽഫോൺസ് ജോസഫ് ചിട്ടപ്പെടുത്തിയ ഗാനമാണ് അവതരിപ്പിച്ചത്. മുഖ്യമന്ത്രി ഇരുവർക്കും ചടങ്ങിൽ ഉപഹാരം സമ്മാനിച്ചു.

പ്രവേശനോത്സവ ഉദ്ഘാടനത്തിന് ശേഷം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നേട്ടങ്ങൾ സംബന്ധിച്ച പുസ്തകം  മുഖ്യമന്ത്രി പ്രകാശനം ചെയ്തു.

✪✪✪

എല്ലാവരേയും ബഹുമാനിക്കാനും സ്നേഹിക്കാനും അവശർക്ക് കൈത്താങ്ങാവാനും വിദ്യാഭ്യാസം കൊണ്ട് സാധിക്കണമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. കോഴിക്കോട് ജില്ലാതല പ്രവേശനോത്സവം പെരിങ്ങളം ഗവ: ഹയർ സെക്കൻഡറി സ്കൂളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കായികക്ഷമത വർധിപ്പിക്കാനും ലഹരിക്കെതിരെ പടപൊരുതാനും വിദ്യാർത്ഥികൾക്ക്  സാധിക്കണമെന്ന് മന്ത്രി നിർദ്ദേശിച്ചു.

പുതിയ അധ്യയന വർഷം ജില്ലയിൽ 60,000 ത്തോളം വിദ്യാർഥികളാണ് സ്കൂളുകളിൽ നവാഗതരായി എത്തിയത്.

✪✪✪

തൃശ്ശൂർ ഇരിങ്ങാലക്കുട നിയോജകമണ്ഡലംതല പ്രവേശനോത്സവം മന്ത്രി ഡോ R ബിന്ദു  ഉദ്ഘാടനം ചെയ്തു. മാടായിക്കോണം PK ചാത്തൻമാസ്റ്റർ മെമ്മോറിയൽ ഗവ.UP സ്കൂളിലായിരുന്നു ചടങ്ങ്.

കണ്ണൂർ ജില്ലാതല സ്കൂൾ പ്രവേശനോത്സവം അഴീക്കോട് മീൻകുന്ന് ഗവർമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ  KV സുമേഷ് MLA ഉദ്ഘാടനം ചെയ്തു. കോർപ്പറേഷൻ തല പ്രവേശനോത്സവം പയ്യാമ്പലം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ മേയർ  മുസ്ലിഹ് മഠത്തിൽ ഉദ്ഘാടനം ചെയ്തു.

✪✪✪

കണ്ണൂർ പയ്യാവൂർ സഹകരണ ബാങ്കിന് കശുമാങ്ങയിൽ നിന്ന് വീര്യം കുറഞ്ഞ മദ്യമുണ്ടാക്കാൻ അന്തിമ അനുമതി  ലഭിച്ചു. അടുത്ത കശുവണ്ടി സീസണിൽ പയ്യാവൂരിൽ നിന്ന് കശുമാങ്ങ നീര് വാറ്റി ഗോവൻ മാതൃകയിൽ 'ഫെനി' ഉത്പാദി പ്പിച്ച് വിപണിയിൽ എത്തിക്കാനാണ് പദ്ധതി.

കശുമാങ്ങ സംസ്കരിക്കാനും ഡിസ്റ്റിലറിക്കുമായി ബാങ്കിന്റെ കാഞ്ഞിരക്കൊല്ലിയിലെ നാല് ഏക്കറാണ് ഉപയോഗിക്കുക.

✪✪✪

മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ സംസ്ഥാനതല പ്രവേശനോത്സവം വയനാട് കണിയാമ്പറ്റ GMRS-സിൽ  മന്ത്രി O.R കേളു ഉദ്ഘാടനം ചെയ്തു. ജില്ലാ കലക്ടർ D.R മേഘശ്രീ അധ്യക്ഷയായി.

✪✪✪

ബഡ്സ് സ്കൂൾ സംസ്ഥാന പ്രവേശനോത്സവത്തിന്റെ  ഉദ്ഘാടനം മന്ത്രി MB രാജേഷ് നിർവഹിച്ചു. എറണാകുളം വടവുകോട് ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലായിരുന്നു ചടങ്ങ്.

✪✪✪

നിലമ്പൂർ  നിയമസഭാ ഉപതിരഞ്ഞെടുപ്പിന്  നാമ നിർദ്ദേശ പത്രികാ സമർപ്പണം ഇന്നവസാനിക്കും. ഈ മാസം 19 നാണ്  തിരഞ്ഞെടുപ്പ്.  23 ന് വോട്ടെണ്ണും.

പത്രികയുടെ സൂക്ഷ്മ പരിശോധന നാളെയാണ്.  പത്രിക പിൻവലിക്കാൻ ജൂൺ അഞ്ചു വരെയാണ് സമയമെന്ന് ചീഫ് ഇലക്ടറൽ ഓഫീസർ രത്തൻ U കേൽക്കർ അറിയിച്ചു. എല്ലാ പോളിംഗ് സ്റ്റേഷനുകളിലും ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളും, VV പാറ്റുകളും ഉപയോഗിക്കാനാണ് കമ്മീഷന്റെ തീരുമാനം.

തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ വിലയിരുത്താൻ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിരീക്ഷകർ നിലമ്പൂർ മണ്ഡലത്തിൽ ഇന്നലെ സന്ദർശനം നടത്തി. ജനറൽ ഒബ്സർവറായ K.V മുരളീധരൻ, പൊലീസ് ഒബ്സർവറായ അരുൺശങ്കു ഗിരി എന്നിവർ ഇന്നലെയാണ് സന്ദർശനം നടത്തിയത്. ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറും ജില്ലാ കലക്ടറുമായ V.R വിനോദ്, ജില്ലാ പൊലീസ് മേധാവി R വിശ്വനാഥ്, വരണാധികാരിയും പെരിന്തൽമണ്ണ സബ് കലക്ടറുമായ അപൂർവ്വ ത്രിപാഠി എന്നിവരുമായി തെരഞ്ഞെടുപ്പ് ക്രമീകരണങ്ങളെ കുറിച്ച് ഇവർ ചർച്ച നടത്തി.

✪✪✪

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ LDF സ്ഥാനാർത്ഥി M സ്വരാജ് നാമനിർദ്ദേശ പത്രിക നൽകി.  ഉപ വരണാധികാരി നിലമ്പൂർ തഹസിൽദാർക്കാണ് പത്രിക  സമർപ്പിച്ചത്.

NDA സ്ഥാനാർത്ഥി മോഹൻ ജോർജ് അല്പസമയത്തിനകം പത്രിക നൽകും. തൃണമൂൽ കോൺഗ്രസ് സ്ഥാനാർത്ഥിയായി P.V അൻവറും ഇന്ന് നാമനിർദ്ദേശ പത്രിക സമർപ്പിക്കും. UDF സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്ത് അടക്കം നാലു പേർ ഇതിനകം പത്രിക നൽകിയിട്ടുണ്ട്.

LDF  പ്രചാരണത്തിന് തുടക്കമിട്ട്  മണ്ഡലം കൺവെൻഷൻ ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. UDF കൺവെൻഷൻ  വൈകീട്ട് ചേരും.

✪✪✪

നിലമ്പൂരിൽ തൃണമൂൽ കോൺഗ്രസ് സ്ഥാനാർത്ഥിയായി മത്സരിക്കുമെന്ന് മുൻ MLA, P.V അൻവർ പറഞ്ഞു. ചിഹ്നം ലഭിച്ചില്ലെങ്കിൽ സ്വതന്ത്രനായാണ്

മത്സരിക്കുകയെന്നും അദ്ദേഹം നിലമ്പൂരിൽ പറഞ്ഞു. പിണറായിസത്തിനെതിരായ പോരാട്ടത്തിനാണ് മത്സരമെന്നും അൻവർ വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിന്റെ ആദ്യ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. നാളെ രാവിലെ 10 മുതലാണ് പ്രവേശനം. ആദ്യ അലോട്ട്മെന്റ് പ്രകാരം പ്രവേശനം വ്യാഴാഴ്ച വൈകിട്ട് അഞ്ചിന് പൂർത്തിയാകും. ഈ മാസം 10 ന് രണ്ടാം അലോട്ട്മെന്റും, 16 ന് മൂന്നാം അലോട്ട്മെന്റും പ്രസിദ്ധീകരിക്കും.

ഹയർ സെക്കൻഡറി വകുപ്പിന്റെ പ്രവേശന വെബ്സൈറ്റിലെ കാൻഡിഡേറ്റ് ലോഗിൻ പരിശോധിച്ച് അലോട്ട്മെന്റ് നില അറിയാം.

ജൂൺ 18 ന് പ്ലസ് വൺ ക്ലാസുകൾ ആരംഭിക്കും.

✪✪✪

ഭീകരതയ്ക്കെതിരെ ഇന്ത്യൻ സന്ദേശം ലോകരാജ്യങ്ങളിൽ എത്തിക്കാൻ രൂപീകരിച്ച സർവകക്ഷി സംഘത്തിന്റെ പര്യടനം തുടരുന്നു. DMK എം പി കനിമൊഴി നേതൃത്വം നൽകുന്ന സംഘം, സ്പെയിനിൽ മഹാത്മാഗാന്ധിയുടെ പ്രതിമയിൽ ആദരാഞ്ജലി അർപ്പിച്ചു.

സ്പെയിനിലെ പ്രവാസി സമൂഹവുമായി സംഘം കൂടിക്കാഴ്ച നടത്തി. ആഗോള സമാധാനത്തിനും മാനവികതയ്ക്കും ഭീഷണിയായ ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യ അചഞ്ചലമായി നിലകൊള്ളുമെന്ന് സർവകക്ഷി സംഘം വ്യക്തമാക്കി.

JDU എംപി സഞ്ജയ് കുമാർ ഝായുടെ നേതൃത്വത്തിലെ സർവകക്ഷി പ്രതിനിധി സംഘം ക്വാലാലംപൂരിലെ തോറാന ഗേറ്റ് സന്ദർശിച്ചു.

NCP എംപി സുപ്രിയ സുലെ, നയിക്കുന്ന പ്രതിനിധി സംഘം എത്യോപ്യ, ആഡിസ് അബാബയിലെ ആഫ്രിക്കൻ യൂണിയൻ ആസ്ഥാനത്ത് സമാധാന സുരക്ഷാ കൗൺസിൽ അംഗങ്ങളുമായി കൂടിക്കാഴ്ച നടത്തി.

BJP യുടെ ബൈജയന്ത് പാണ്ഡ നേതൃത്വം നൽകുന്ന സംഘം അൾജീരിയ വിദേശകാര്യ മന്ത്രിയുടെ സ്റ്റേറ്റ് സെക്രട്ടറിയുമായി കൂടിക്കാഴ്ച നടത്തി. BJP എംപി രവിശങ്കർ പ്രസാദ് നയിക്കുന്ന സംഘം ലണ്ടനിലെത്തി. ശിവസേന MP ശ്രീകാന്ത് ഷിൻഡെയുടെ നേതൃത്വത്തിൽ സംഘം നിലവിൽ ലൈബീരിയയിലാണ് സന്ദർശനം നടത്തുന്നത്.

✪✪✪

രാജ്യത്തിന്റെ വികസനം കാർഷിക അഭിവൃദ്ധിയിലൂടെയും, കർഷക ക്ഷേമത്തിലൂടെയുമാണ് കടന്നു പോകുന്നതെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു. ബിഹാറിലെ മോത്തിഹാരിയിൽ കർഷകരുമായി ചർച്ച നടത്തുകയായിരുന്നു കേന്ദ്രമന്ത്രി. കാർഷികോത്പാദന ക്ഷമത വർദ്ധിപ്പിക്കാനും

സംസ്ഥാനങ്ങളിലെ കർഷകർക്ക് മെച്ചപ്പെട്ട ഉപജീവന മാർഗ്ഗം ഉറപ്പാക്കാനും കേന്ദ്രഗവൺമെന്റ് ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. വികസിത ഭാരതം കെട്ടിപ്പടുക്കാൻ, വികസിച്ച കൃഷിയും, സമ്പന്നരായ കർഷകരും അത്യാവശ്യമാണ്. ഇതിന് മാർഗ്ഗനിർദ്ദേശം നൽകാൻ രാജ്യത്ത് 16,000 കാർഷിക ശാസ്ത്രജ്ഞർ കർഷകരുമായി നേരിട്ട് ഇടപഴകുന്നുണ്ടെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

✪✪✪

മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിന് പരാഗ്വേ പ്രസിഡന്റ് സാന്റിയാഗോ പെന പലാസിയോസ് ന്യൂഡൽഹിയിലെത്തി. പ്രസിഡന്റ് പെനയുടെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്.

പ്രസിഡന്റ് ഇന്ന് രാഷ്ട്രപതി ദ്രൗപതി മുർമ്മു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവരുമായി ന്യൂഡൽഹിയിൽ ചർച്ച നടത്തും. ഉഭയകക്ഷി ബന്ധങ്ങൾ കൂടിക്കാഴ്ചയിൽ ചർച്ചയായേക്കും. വിദേശകാര്യ മന്ത്രി ഡോ. S ജയ്ശങ്കറുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും.

✪✪✪

രാജ്യത്തെ കോവിഡ് രോഗികളുടെ എണ്ണം 3,960 ലധികമായതായി കേന്ദ്ര ആരോഗ്യ മന്ത്രാലയം അറിയിച്ചു. ഏറ്റവും കൂടുതൽ രോഗികൾ കേരളത്തിലാണ് .

മഹാരാഷ്ട്രയിൽ 506 കേസുകളും ഡൽഹിയിൽ 483 കേസുകളും റിപ്പോർട്ട് ചെയ്തു.

✪✪✪

സംസ്ഥാനത്ത് മഴയുടെ ശക്തി കുറഞ്ഞു. മഴയെ തുടർന്ന് ഇന്ന് രണ്ടു ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി. കാസർക്കോട്, കണ്ണൂർ ജില്ലകളിലാണ് ജാഗ്രതാ നിർദ്ദേശം.

✪✪✪

IPL ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സ് ഫൈനലിലെത്തി. ഫൈനലിൽ, അവർ റോയൽ ചലഞ്ചേഴ്സ് ബംഗലൂരുവിനെ നേരിടും. നാളെ വൈകീട്ട് 7.30 ന് അഹമ്മദാബാദിലാണ് മത്സരം.

✪✪✪

11-ാമത് അന്താരാഷ്ട്ര യോഗ ദിനം 10 പ്രത്യേക പരിപാടികളോടെ ഈ മാസം 21 ന് ആചരിക്കും. ലോക റെക്കോഡ് ലക്ഷ്യമിട്ട് 10,000 ഇടങ്ങളിൽ സംഘടിപ്പിക്കുന്ന സമന്വയ യോഗ പ്രദർശനം മുഖ്യ സവിശേഷതയാണ്. "ഒരു ഭൂമിക്ക്, ഒരു ആരോഗ്യത്തിന് യോഗ" എന്ന പ്രമേയത്തിലാണ് ദിനാചരണം.

ഡെസ്ക്ക് റിപ്പോർട്ട്.

...(വോയ്സ്)....

പ്രശസ്ത ആഗോള വേദികളിൽ യോഗ സംഘടിപ്പിക്കാൻ 10 രാജ്യങ്ങളുമായി ആഗോള പങ്കാളിത്തം, ദീർഘകാല സമൂഹ ഇടപെടലിന് 1,000 യോഗ പാർക്കുകളുടെ വികസനം, ദിവ്യാംഗർ, മുതിർന്ന പൗരന്മാർ, കുട്ടികൾ, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ എന്നിവർക്ക് പ്രത്യേക യോഗ പരിപാടികൾ പൊതുജനാരോഗ്യത്തിൽ യോഗയുടെ പങ്ക് സംബന്ധിച്ച് ഒരു ദശാബ്ദക്കാലത്തെ ആഘാതങ്ങളുടെ വിലയിരുത്തൽ എന്നിവ നടത്തും. പ്രശസ്ത യോഗ വിദഗ്ധരും ആരോഗ്യ രംഗത്തെ വിദഗ്ധരും പങ്കെടുക്കുന്ന ആഗോള വെർച്വൽ യോഗ ഉച്ചകോടി സംഘടിപ്പിക്കും.

വൃക്ഷത്തൈ നട്ടുപിടിപ്പിക്കലും ശുചീകരണ യജ്ഞങ്ങളും സംയോജിപ്പിച്ച് യോഗയെ സുസ്ഥിരതയിലൂന്നിയ സംരംഭമാക്കി മാറ്റും. യുവതയെ യോഗയിലേക്ക് ആകർഷിക്കാൻ പ്രത്യേക പരിപാടികൾ നടത്തും. പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ 10 വേദികളിലായി ഒരാഴ്ചത്തെ പരിപാടിയാണ് സംഘടിപ്പിച്ചിരിക്കുന്നത്.

✪✪✪

KSRTC ക്ക് സംസ്ഥാന ഗവൺമെന്റ് സഹായമായി 93 കോടി 73 ലക്ഷ രൂപകൂടി അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു. പെൻഷൻ വിതരണത്തിന് 73 കോടി 73 ലക്ഷം രൂപയും, മറ്റു കാര്യങ്ങൾക്ക് സാമ്പത്തിക സഹായമായി 20 കോടി രൂപയും അനുവദിച്ചെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

LDF ഗവൺമെന്റിന്റെ കാലത്ത് 6,401 കോടിയോളം രൂപയാണ് KSRTC ക്ക് സഹായമായി നൽകിയത്. കഴിഞ്ഞ സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ചിരുന്ന 900 കോടി രൂപയ്ക്കു പുറമെ 676 കോടി രൂപ അധികമായി ലഭിച്ചിരുന്നു. ഈവർഷം ഇതിനകം 343 കോടി രൂപ സഹായമായി കോർപറേഷന് നൽകിയതായും ബാലഗോപാൽ വ്യക്തമാക്കി.

✪✪✪

സ്വർണ്ണവില വർധിച്ചു. പവന് 240 രൂപ ഉയർന്ന് 71,600 ലെത്തി. 8,950 രൂപയാണ് ഗ്രാമിന്.

✪✪✪

സംസ്ഥാനത്ത് എത്തുന്ന കുടിയേറ്റ തൊഴിലാളികളുടെ തിരിച്ചറിയൽ രേഖകൾ, ക്രിമിനൽ പശ്ചാത്തലം, മറ്റ് വിശദാംശങ്ങൾ എന്നിവ പരിശോധിക്കാൻ ഗവണ്മെന്റിനോട് നിർദ്ദേശിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച റിട്ട് ഹർജി ഹൈക്കോടതി തീർപ്പാക്കി. കേരളത്തിലേക്കെത്തുന്ന കുടിയേറ്റ തൊഴിലാളികളിൽ ഭൂരിഭാഗവും വ്യാജ തിരിച്ചറിയൽ കാർഡുകൾ നിർമ്മിച്ചവരാണെന്ന് ഹർജിയിൽ ആരോപിച്ചിരുന്നു.

ചീഫ് ജസ്റ്റിസ് നിതിൻ ജാംദാറും ജസ്റ്റിസ് ബസന്ത് ബാലാജിയും ഉൾപ്പെട്ട ഡിവിഷൻ ബെഞ്ച് ഹർജിക്കാരനോട് വിവരങ്ങളുടെ ഉറവിടത്തെക്കുറിച്ചും ആശ്രയിക്കുന്ന വിവരങ്ങളെക്കുറിച്ചും ചോദിച്ചു.

✪✪✪

ഇടുക്കി അടിമാലി ഗവൺമെന്റ് ഹൈസ്കൂളിൽ ഒൻപതാം ക്ലാസിലെ ഇംഗ്ലീഷ് മീഡിയം ഡിവിഷൻ നിർത്തലാക്കിയതിൽ രക്ഷിതാക്കളും വിദ്യാർത്ഥി യുവജന സംഘടനകളും പ്രതിഷേധിച്ചു. മുൻകൂട്ടി അറിയിക്കാതെ ഡിവിഷൻ നിർത്തലാക്കിയത് കുട്ടികളുടെ പഠനത്തെ ബാധിച്ചു എന്ന്, പ്രതിഷേധിച്ച യൂത്ത് കോൺഗ്രസ് ആരോപിച്ചു. സമരക്കാർ പ്രധാന അധ്യാപികയെ ഉപരോധിച്ചു. എന്നാൽ ഡിവിഷൻ തുടരാമെന്ന ഉറപ്പിൻമേൽ, സമരം അവസാനിപ്പിച്ചു.

✪✪✪

വെള്ള, നീല റേഷൻ കാർഡുകൾ പിങ്ക് കാർഡിലേക്ക് തരം മാറ്റാൻ ഇന്ന് മുതൽ ഈ മാസം 15 വരെ അപേക്ഷ സമർപ്പിക്കാം. അർഹരായവർക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം അംഗീകൃത അക്ഷയ കേന്ദ്രങ്ങൾ വഴിയോ ഔദ്യോഗിക പോർട്ടൽ വഴിയോ ഓൺലൈനിൽ അപേക്ഷ നൽകാം.

✪✪✪

---

*News Editor : വി.കെ സുരേഷ്*
*News Reader: അനുഷ ആത്മപ്രകാശ്*
*CNRTS: നിമിഷ ജി*
*DEO: ഷീബ*